പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ .464 — 04.07.2012-ൽ മറുപടിക്ക്

## മൺസൂൺ ട്രോളിംഗ് നിരോധനം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. എം.പി. അബ്ദുസ്സമദ് സമദാനി<br>,, എൻ.എ. നെല്ലിക്കുന്ന്<br>,, അബ്ദുറഹിമാൻ രണ്ടത്താണി<br>,, കെ. എം. ഷാജി | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | മഴക്കാല ട്രോളിംഗ് നിരോധനം ഫലപ്രദമായി നടപ്പാക്കാനും, മത്സ്യബന്ധനമേഖല സംഘർഷ വിമുക്തമാക്കാനും സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ; | (എ) | ട്രോളിംഗ് നിരോധന കാലയളവിൽ മത്സ്യമേഖല സംഘർഷ വിമുക്തമാക്കുന്നതിനായി ചുവടെ ചേർക്കുന്ന നടപടികൾ തീരദേശ ജില്ലാ കളക്ടർമാർ മുഖാന്തിരം സ്വീകരിച്ചിട്ടുണ്ട്.<br>**1)** തീരദേശങ്ങളിലെ ഡീസൽ ബങ്കുകൾ ട്രോളിംഗ്- നിരോധന കാലയളവ് കഴിയും വരെ അടച്ചിടുക.<br>**2)** ജില്ലാ കളക്ടർമാരും പോലീസ് മേധാവികളും ക്രമസമാധാനം നിലനിർത്തുന്നതിനും ആവശ്യമായ സന്ദർഭങ്ങളിൽ നേവി/കോസ്റ്റ് ഗാർഡ് തുടങ്ങിയ ഏജൻസികളുടെ സഹായം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.<br>**3)** അന്യ സംസ്ഥാനങ്ങളിൽ നിന്നുള്ള മത്സ്യബന്ധന യാനങ്ങളുടെ കടന്നുകയറ്റം തടയുക.<br>**4)** കേരളത്തിൽ പ്രവർത്തിക്കുന്ന അന്യസംസ്ഥാന ബോട്ടുകൾ **2012** ജൂൺ **15** ന് മുമ്പായി കേരള തീരം വിട്ടുപോകുന്നതിന് നിർദ്ദേശം നൽകുക.<br>കൂടാതെ കടൽ പട്രോളിംഗ് / കടൽ രക്ഷാ പ്രവർത്തനം എന്നിവ നടത്തുന്നതിനായി **13** ബോട്ടുകളും **4** ഫൈബർ വള്ളങ്ങളും സ്വകാര്യ വ്യക്തികളിൽ നിന്നും വാടകയ്ക്ക് എടുത്ത് പ്രവർത്തിപ്പിച്ചു വരുന്നു. കടൽരക്ഷാ പ്രവർത്തനം നടത്തുന്നതിനായി **24** മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകൾ മറൈൻ എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ സഹായത്തോടെ ആരംഭിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | നിരോധന കാലയളവിൽ മത്സ്യത്തിന്റെ പ്രജനന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി എന്തൊക്കെ നടപടികൾ മുൻകൂട്ടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | (ബി) | മത്സ്യങ്ങളുടെ പ്രധാന പ്രജനനകാലമായ മൺസൂൺ കാലയളവിൽ മത്സ്യ മുട്ടകളെയും മത്സ്യകുഞ്ഞുങ്ങളെയും സംരക്ഷിക്കുന്നതിനു വേണ്ടിയാണ് ട്രോളിംഗ് നിരോധനം ഏർപ്പെടുത്തുന്നത്. |
| (സി) | നിരോധന കാലയളവിൽ കേരള തീരത്ത് വിദേശ ട്രോളറുകൾ മത്സ്യബന്ധനം നടത്തുന്നത് തടയുന്നതിന് ഏതൊക്കെ ഏജൻസികളുടെ സേവനം ഉറപ്പാക്കിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ? | (സി) | വിദേശ ട്രോളറുകൾ പ്രവർത്തിപ്പിക്കുന്നതിന് അനുമതി നൽകുന്നത് കേന്ദ്ര സർക്കാരാണ്. കേന്ദ്ര സർക്കാരിന്റെ ലെറ്റർ ഓഫ് പെർമിറ്റ് (LOP)വ്യവസ്ഥയിൽ വിദേശ ട്രോളറുകൾക്ക് മത്സ്യബന്ധനം നടത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ട്രോളിംഗ് നിരോധന കാലയളവിൽ കേരളത്തിന്റെ ടെറിട്ടോറിയൽ വാട്ടേഴ്സിൽ (12 നോട്ടിക്കൾ മൈൽ ദൂരം) വിദേശ ട്രോളറുകൾ മത്സ്യബന്ധനം നടത്തുന്നത് തടയുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

(signature)
സെക്ഷൻ ഓഫീസർ